# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 966** **30.10.2019 ലെ മറുപടി**

### ആമയിഴഞ്ചാൻ തോട് നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.എസ്.ശിവകുമാർ :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം നഗരത്തിലെ ബേക്കറി ജംഗ്ഷൻ, തമ്പാനൂർ, പഴവങ്ങാടി എന്നീ ഭാഗങ്ങളിൽക്കൂടി ഒഴുകുന്ന ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നിറഞ്ഞ് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതിനാൽ തോട് നവീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദമാക്കുമോ; | (എ) ആമയിഴഞ്ചാൻ തോടിലെ വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് വേണ്ടി തമ്പാനൂർ, കിഴക്കേകോട്ട, തകരപ്പറമ്പ് എന്നിവിടങ്ങളിൽ എസ്.ഡി.ആർ.എഫിൽ 5 പ്രവൃത്തികൾക്ക് (15 ലക്ഷം രൂപ) അനുമതി നൽകിയിരുന്നു. ഈ പ്രവൃത്തികൾക്ക് രണ്ട് പ്രാവശ്യം ടെണ്ടർ നടപടി സ്വീകരിച്ചുവെങ്കിലും ഇവിടെ നിന്നും നീക്കം ചെയ്യേണ്ട മാലിന്യം നിക്ഷേപിക്കാൻ സ്ഥലം ലഭിക്കാത്തതു കാരണം കരാറുകാർ ആരും ഈ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. കരാറുകാരുമായി ബന്ധപ്പെട്ട് ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രമിച്ചു വരുന്നു. ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ഭാഗങ്ങളിൽ നീരൊഴുക്കിന് തടസ്സമായിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) ഇതിലേയ്ക്കായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ